LIBRARY ARCHIVES Kerala Legislative Assembly

മലയാള സിനിമയെ രക്ഷിക്കാൻ നടപടി

*11 [215] ശ്രീ. പി. എസ്. സുപാൽ:
,, പി. നാരായണൻ:
,, ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാള സിനിമാരംഗം തകർച്ചയെ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര തീയേറ്ററുകൾ പ്രവർത്തിക്കുന്നുണ്ട്; ഇതിൽ ബി, സി, വിഭാഗങ്ങളിൽ എത്ര വീതം;

(സി) കേന്ദ്ര ഗവൺമെന്റ് സിനിമ വ്യവസായമായി അംഗീകരിച്ചിട്ടുള്ളതു പോലെ സംസ്ഥാന ഗവൺമെന്റും സിനിമയെ വ്യവസായമായി അംഗീകരിച്ചു കൊണ്ട് തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) ചില പ്രതിസന്ധികൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഇപ്പോൾ 1015 സിനിമാ തീയേറ്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 288 എണ്ണം 'ബി' വിഭാഗത്തിലും 576 എണ്ണം 'സി' വിഭാഗത്തിലുമുണ്ട്.

(സി) ഇക്കാര്യം പല തലത്തിൽ ചർച്ച ചെയ്ത് എല്ലാ വശങ്ങളും വിലയിരുത്തിയശേഷമേ തീരുമാനമെടുക്കാനാകൂ.

കൊപ്രയുടെ താങ്ങുവിലയും സംഭരണവും

*12 [216] ശ്രീ. ടി. കെ. ദേവകുമാർ:
ഡോ. തോമസ് ഐസക്:
ശ്രീ. പിരപ്പൻകോട് മുരളി:
,, കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊപ്രയുടെ താങ്ങുവില കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) കഴിഞ്ഞ വർഷത്തേക്കാൾ എത്ര രൂപ വർദ്ധിപ്പിച്ചാണ് താങ്ങുവില നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;